ശ്രീമതി എ. നഫീസത്തുബീവി : മറുപടിയിൽനിന്നു മനസ്സിലാകുന്നതു്, ഏതാനും ചില ഡിസ്ട്രിക്റ്റുകളിൽ ഈ സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നാണു്. പൊതുജനാരോഗ്യത്തിനു് സഹായകമായ ഈ സ്കീം ആലപ്പുഴ ഡിസ്ട്രിക്റ്റിൽ ഇതുവരെ തുടങ്ങിയിട്ടില്ല. സർവ്വേ നടക്കുന്നുണ്ടു്. അതിന്റെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു് ?

ശ്രീ. ഈ. പി. പൗലോസു് : ആ വിവരം എന്നേക്കാൾ കൂടുതലായി മെമ്പർക്കുതന്നെ അറിയാമല്ലോ.

ശ്രീ. എം. വി. വാസു : പാലക്കാട്ടു് ഒരു പാസ്ചറൈസേഷൻ പ്ലാന്റു് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നതായി മൻപു പറഞ്ഞിട്ടുണ്ടു്. അതു ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു ?

ശ്രീ. ഈ. പി. പൗലോസു് : അതിനു സ്ഥലം നിർണ്ണയിക്കുകയും കെട്ടിടംപണി ആരംഭിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ചിലർ കണക്കിൽകവിഞ്ഞു പാലിൽ വെള്ളം ചേർക്കുന്നു. കോഴിക്കോട്ടു് ഒരു സഹകരണസംഘത്തിനു് വെള്ളം ചേർത്തതിനു ആയിരം രൂപവരെ പിഴശിക്ഷ നൽകിയിട്ടുണ്ടു്. ഈവക കാര്യങ്ങളെ കർശനമായി തടയാൻ നടപടി എടുക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : പാൽ പരിശോധിക്കുന്നതിനു് ഏർപ്പാടുകളും ഉണ്ടു്. കണ്ടുപിടിക്കുന്ന കേസുകളും ശിക്ഷിക്കപ്പെടുന്നുമുണ്ടു്. അതെല്ലാം മിൽക്കു സപ്ലൈ യൂണിയന്റെ പ്രവർത്തനത്തിൽപ്പെടുന്നതാണു്. ഇതിൽ കൂടുതൽ കർശനമായി ശ്രദ്ധിക്കണമെന്നു നിർദ്ദേശം നൽകാം.

കുരുമുളകുതോട്ടങ്ങൾ

* 739. [16] ശ്രീ. പി. എസ്സു്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ അഞ്ചു് ഏക്കറും അതിൽ കൂടുതലുമുള്ള കുരുമുളകുതോട്ടങ്ങൾ (Pure pepper-vine gardens) എവിടെയെല്ലാമുണ്ടു് ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

സംസ്ഥാനത്തു് 5 ഏക്കറും അതിൽ കൂടുതലുമുള്ള കുരുമുളകു തോട്ടങ്ങൾ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ എന്നീ ജില്ലകളിലുണ്ടു്.

ശ്രീ. എം. എം. മത്തായി : 5 ഏക്കറിൽ കൂടുതലുള്ള [കുരുമുളകുതോട്ടങ്ങൾ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസു് : ആകെ എത്രയുണ്ടെന്നു കൃത്യമായി ഇപ്പോൾ പറയുവാൻ സാധ്യമല്ല.

റവന്യൂ ഡിപ്പാർട്ടുമെന്റിലെ പണാപഹരണക്കേസുകൾ

* 740. [17] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962, 1963 എന്നീ വർഷങ്ങളിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ എത്ര പണാപഹരണക്കേസുകൾ ഉണ്ടായിട്ടുണ്ടു് ;

(ബി) ഓരോന്നിലും involved ആയിട്ടുള്ള സംഖ്യ എത്ര ;

(സി) ഈ കേസുകളിൽ എത്രയെണ്ണം അന്വേഷണം പൂർത്തിയായി [illegible] ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ,ബി,സി) വിവരങ്ങൾ അടങ്ങിയ † സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി : കേസുകളിൽ നിരപരാധികളാണെന്നു തെളിഞ്ഞിട്ടുള്ളവർക്കെങ്കിലും പെൻഷനുംമറ്റും കൊടുക്കാൻവേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ടി. എ. തൊമ്മൻ : ഏതു കേസിലാണ് അങ്ങനെയുള്ളതെന്നു പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹാരം ഉണ്ടാക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : പണാപഹരണ കേസുകളിൽ എത്രയെണ്ണം ശിക്ഷയിൽ കലാശിച്ചിട്ടുണ്ട് ; എത്ര കേസുകൾ വിട്ടുകളഞ്ഞു ; തിരിക്കപ്പെട്ട കേസുകളിൽ അപഹരിക്കപ്പെട്ട പണം എത്രമാത്രം തിരിയെ കിട്ടിയിട്ടുണ്ട് ?

ശ്രീ. ടി. എ. തൊമ്മൻ: ആ വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റുമെൻറാണ് മേശപ്പുറത്തു വച്ചിട്ടുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ : മേശപ്പുറത്തു ഞാൻ കാണുന്നില്ല 'മേശ' മേശ' എന്നു പറയുന്നതല്ലാതെകിലും ഞങ്ങൾക്കു വിവരം കിട്ടുന്നില്ല.

ശ്രീ. ടി. എ. തൊമ്മൻ : തിരുവനന്തപുരം കേസ് 1, പൂർത്തിയായിട്ടില്ല. കൊല്ലം—2, കേസ്, നടപടി പൂർത്തിയായിട്ടുണ്ട്. കോട്ടയത്തു് 3 എണ്ണത്തിൻെറ എൻകൃയറി പൂർത്തിയായിട്ടില്ല. ആലപ്പുഴ 2 കേസ് പൂർത്തിയായിട്ടില്ല. എറണാകുളം 2 പൂർത്തിയായി. തൃശ്ശൂർ 3, അന്വേഷണം പൂർത്തിയായിട്ടില്ല. പാലക്കാട് 2, പൂർത്തിയായില്ല. കണ്ണൂർ 9 ഇതിൽ ഏഴെണ്ണത്തിൻെറ നടപടി പൂർത്തിയായി. ഒരു ക്രിമിനൽകേസ് പെൻഡിംഗിലാണ്. വേറെ ഒന്ന് ഡിപ്പാർട്ടുമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്. ഇതാണ് കേസുകളുടെ സ്ഥിതി.

ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിലെ അഴിമതികൾ

* 741. [18] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) "കറൻറ് മോഷണം, മീറ്റർ റീഡിംഗിലെ തിരിമറികൾ, മീറ്ററുകളിൽ മറിമായങ്ങൾ കാണിക്കുക, അനധികൃതങ്ങളായ കണക്ഷൻ നൽകുക, ഡിസ്കണക്ഷൻ കേവലം കടലാസിൽ മാത്രം ആയിരിക്കുക, മെയിൻറനൻസ് ജോലികൾ വേണ്ടുപോലെ ചെയ്യാതിരിക്കുക, മെയിൻറനൻസ് ജോലിതന്നെ നടത്താതിരിക്കുക എന്നിങ്ങനെയുള്ള സംഗതികളെ സംബന്ധിച്ച്" ഒരു പ്രമേയം ഇലക്ട്രിസിറ്റി ബോഡ്, ഇഞ്ചിനിയേഴ്സ് അസോസിയേഷൻ അതിൻെറ വാർഷികപൊതുയോഗത്തിൽ പാസ്സാക്കിയതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽപ്പറയുന്ന അഴിമതികൾ ഇല്ലാതാക്കാൻ ഗവണ്മെൻറ് വേണ്ട നടപടി നടത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ

(എ) ഇല്ല.

(ബി) ചോദ്യത്തിൽ വിവരിക്കുന്ന തരത്തിലുള്ള അഴിമതികൾ ബോർഡിൻെറ കീഴിൽ വിപുലമായ രീതിയിൽ നടക്കുന്നു എന്നു പറയുന്നതിനോടു ഗവണ്മെൻറു യോജിക്കുന്നില്ല. ബോർഡിൻെറ ശ്രദ്ധയിൽ പെട്ടിട്ടുള്ള എല്ലാ അഴിമതികൾക്കും എതിരായി ബോഡു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

† Appendix III.

LIBRARY ARCHIVES Kerala Legislative Assembly